**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 342** **10-06-2024 - ൽ മറുപടിയ്ക്ക്**

**കേരള ഖരമാലിന്യ പരിപാലന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി നഗരസഭയിലെ വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് കേരള ഖരമാലിന്യ പരിപാലന പദ്ധതി (കെ.എസ്.ഡബ്ല്യു.എം.പി) ഏത് ഏജൻസിയെയാണ് പ്രോജക്ട് തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ചങ്ങനാശ്ശേരി നഗരസഭയിൽ ഈ പ്രവൃത്തി ചെയ്യുന്നതിന് ഐ.പി.ഇ. ഗ്ലോബൽ എന്ന സ്ഥാപനത്തെയാണ് ടെക്നിക്കൽ സപ്പോർട്ട് കൺസൽട്ടന്റ് ആയി ടെൻഡർ പ്രക്രിയയിലൂടെ തിരഞ്ഞെടുത്തിരിക്കുന്നത്. |
| (ബി) | പ്രസ്തുത ഏജൻസി പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി നഗരസഭയുടെ ഖരമാലിന്യ സംസ്കരണ പ്ലാനിന്റെ കരട് രൂപരേഖ സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് 13.02.2024-ലെ പോസ്റ്റ് കൺസൾട്ടേഷനിൽ ഉന്നയിച്ച നിർദ്ദേശങ്ങളും ലോക ബാങ്ക് നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് 2024 ജൂൺ മാസം അവസാനത്തോടുകൂടി ഖരമാലിന്യ സംസ്കരണ പ്ലാൻ പൂർത്തീകരിക്കുന്നതാണ്.<br><br>കേരള ഖരമാലിന്യ പരിപാലന പദ്ധതിയിലെ ഒന്നാംവർഷ പ്രോജെക്ടുകളുടെ ഭാഗമായി സ്ഥാപന/ കമ്മ്യൂണിറ്റി തലങ്ങളിൽ ജൈവമാലിന്യ സംസ്കരണ യൂണിറ്റ് (തുമ്പൂർമുഴി മോഡൽ ഏറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ്) സ്ഥാപിക്കുന്നതിനു 92 ലക്ഷം രൂപയുടെ പദ്ധതി നിലവിലുണ്ട്. ആയതിന്റെ ഡീറ്റെയിൽഡ് പ്രോജെക്ട് റിപ്പോർട്ടിന്റെ (ഡി.പി.ആർ) കരട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ന്യൂനതകൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് 22.06.2024 - ന് ലഭ്യമാക്കുന്നതാണെന്ന് ടെക്നിക്കൽ സപ്പോർട്ട് കൺസൽട്ടന്റ് അറിയിച്ചിട്ടുള്ളതാണ്.<br><br>മേൽ പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് അന്തിമമായിട്ടില്ലാത്തതിനാൽ പകർപ്പ് ലഭ്യമല്ല. |
| (സി) | പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ഒന്നാംവർഷ പ്രോജെക്ടിൽ ഖരമാലിന്യ സംസ്കരണ പ്ലാൻ ലോക ബാങ്കിന്റെയും, മുനിസിപ്പൽ കൗൺസിലിന്റെയും അംഗീകാരത്തിനു ശേഷം വരുന്ന |

| | | | |
|---|---|---|---|
| | | | വർഷങ്ങളിൽ പദ്ധതികൾ രൂപീകരിച്ച് ഡി.പി.ആർ തയ്യാറാക്കി നിർവ്വഹണം നടത്തുന്നതാണ്.<br><br>ഒന്നാംവർഷ പ്രോജെക്ടിൽ ഡി.പി.ആർ തയ്യാറാക്കുന്നതിന്റെ ഭാഗമായി സൈറ്റ് ഇൻസ്പെക്ഷൻ നടത്തി പാരിസ്ഥിതിക സാമൂഹിക വിശകലനം പൂർത്തീകരിച്ചിട്ടുള്ളതും, ഡീറ്റെയിൽഡ് എസ്റ്റമേറ്റും ഡ്രോയിങ്സും സാങ്കേതിക അനുമതിക്കായി ജില്ലാ സമിതിക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ഇത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ